# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലയാഴം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.റ്റി.എം/പി6/2282/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 22/11/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലയാഴം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.റ്റി.എം/പി6/2282/2022 തീയ്യതി: 22/11/2022

## കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2021 മുതൽ 30-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബീനകുമാരി. സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 25-10-2022 | 02-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-10-2022 | 02-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രതീഷ്.സി.ആർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.സ്മിത.ജി.നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജ്യോതിലക്ഷ്മി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബിനീത് രാജൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.ബിനിമോൻ | പ്രസിഡന്റ് | 01-04-2021 | 20-01-2022 |
| ശ്രീ.സിനി സലി | പ്രസിഡന്റ് | 21-01-2022 | 16-02-2022 |
| ശ്രീ.ബി.എൽ.സെബാസ്റ്റ്യൻ | പ്രസിഡന്റ് | 17-02-2022 | 31-03-2022 |
| ശ്രീ.ദേവി പാർവ്വതി.എസ് | സെക്രട്ടറി | 01-04-2021 | 04-08-2021 |
| ശ്രീമതി.ഷൈലജ.ടി.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-08-2021 | 15-08-2021 |
| ശ്രീമതി.ഉഷാകുമാരി.എൻ.എൻ | സെക്രട്ടറി | 16-08-2021 | 05-10-2021 |
| ശ്രീമതി.ഷൈലജ.ടി.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-10-2021 | 12-10-2021 |
| ശ്രീ.ജയ്ജീവ് എം.എൻ | സെക്രട്ടറി | 13-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രേഷ്മ ഗോപി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ജ്യോൽസന ബഷീർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ധന്യ രവി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.ബിജു.കെ.വർഗീസ് | വെറ്റനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ശ്രീദേവി.കെ .എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 30-08-2021 |
| ഡോ.ജയ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 31-08-2021 | 31-03-2022 |
| ശ്രീ.ബ്ലസ്സി ജോഷി | ഫിഷറീസ് ഓഫീസർ | 01-04-2021 | 19-09-2021 |
| ശ്രീ. കണ്ണൻ | ഫിഷറീസ് ഓഫീസർ | 20-09-2021 | 31-03-2022 |
| ശ്രീമതി. സജിത. എസ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.മനോജ് മുകുന്ദൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തോട്ടകം | 01-04-2021 | 30-09-2021 |
| ശ്രീ.സനൽ. എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, | 26-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| | തോട്ടകം | | |
| ശ്രീമതി. ദിവ്യശ്രീ.ടി.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തലയാഴം | 01-04-2021 | 18-10-2021 |
| ശ്രീമതി.മേരി ബനീജ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തലയാഴം | 19-10-2021 | 31-03-2022 |
| ശ്രീമതി. ശ്രീവിദ്യ.എൽ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശ്രീമതി. നീതു.കെ.എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ശ്രീ.ലിബേഷ് മാത്യൂ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jyothilekshmy.R (Senior Grade Auditor, On 01-11-2022)<br>Last Updated By: Bineeth Rajan (Auditor, On 02-11-2022) | 1-1 |
| 2 | വാർഷികകണക്കുകളുടെ അവലോകനം.<br>Written By: Smitha G Nair (Asst. Audit Officer, On 02-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-11-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Smitha G Nair (Asst. Audit Officer, On 01-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-11-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Smitha G Nair (Asst. Audit Officer, On 01-11-2022)<br>Last Updated By: Ratheesh C R (Audit Officer, On 02-11-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Ratheesh C R (Audit Officer, On 02-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-11-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Smitha G Nair (Asst. Audit Officer, On 01-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-11-2022) | 1-6 |
| 7 | സാമൂഹ്യസുരക്ഷാ പദ്ധതികൾ<br>Written By: Jyothilekshmy.R (Senior Grade Auditor, On 01-11-2022)<br>Last Updated By: Jyothilekshmy.R (Senior Grade Auditor, On 07-11-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Ratheesh C R (Audit Officer, On 29-10-2022)<br>Last Updated By: Ratheesh C R (Audit Officer, On 29-10-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം.<br>Written By: Ratheesh C R (Audit Officer, On 02-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-11-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ratheesh C R (Audit Officer, On 29-10-2022)<br>Last Updated By: Bineeth Rajan (Auditor, On 02-11-2022) | 1-10 |
| 11 | ചെക്കുകൾ കളക്ഷനാകുന്നതിൽ കാലതാമസം നേരിടുന്നു.<br>Written By: Bineeth Rajan (Auditor, On 01-11-2022)<br>Last Updated By: Ratheesh C R (Audit Officer, On 02-11-2022) | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട്റ്റ് - രസീത് പ്രകാരമുള്ള കളക്ഷൻ തുക ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയപ്പോൾ അടവാക്കി<br>Written By: Bineeth Rajan (Auditor, On 02-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-11-2022) | 1-12 |
| 13 | വസ്തുനികുതി - കുടിശ്ശിക<br>Written By: Bineeth Rajan (Auditor, On 01-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-11-2022) | 1-13 |
| 14 | വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.<br>Written By: Bineeth Rajan (Auditor, On 01-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-11-2022) | 1-14 |
| 15 | തൊഴിൽനികുതി ഈടാക്കിയില്ല.<br>Written By: Bineeth Rajan (Auditor, On 01-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-11-2022) | 1-15 |
| 16 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Bineeth Rajan (Auditor, On 01-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-11-2022) | 1-16 |
| 17 | ലേലനടപടികൾ - കുടിശ്ശിക നിൽക്കുന്നു | 1-17 |

| | | |
|---|---|---|
| | Written By: Bineeth Rajan (Auditor, On 01-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-11-2022) | |
| 18 | വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ സംബന്ധിച്ച അപാകതകൾ<br>Written By: Jyothilekshmy.R (Senior Grade Auditor, On 02-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-11-2022) | 1-18 |
| 19 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.<br>Written By: Jyothilekshmy.R (Senior Grade Auditor, On 02-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-11-2022) | 1-19 |
| 20 | പ്രതിരോധ മരുന്ന വാങ്ങൽ (ആയുർവേദം) - മരുന്നുകൾ ലഭ്യമായില്ല.<br>Written By: Bineeth Rajan (Auditor, On 01-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-11-2022) | 1-20 |
| 21 | മെഡിക്കൽ ഓഫീസർ(പി എച്ച് സി) നടപ്പാക്കിയ പ്രോജക്ടുകൾ - മരുന്നുകൾ / ഉപകരണങ്ങൾ ലഭ്യമായില്ല.<br>Written By: Bineeth Rajan (Auditor, On 01-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-11-2022) | 1-21 |
| 22 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല.<br>Written By: Bineeth Rajan (Auditor, On 01-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-11-2022) | 1-22 |
| 23 | ശ്രീകുരുംബ പൊതു കിണർ വൃത്തിയാക്കൽ- കിണർ പഞ്ചായത്തിന്റെ ആസ്തിയാണെന്നതിന്റെ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Smitha G Nair (Asst. Audit Officer, On 02-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-11-2022) | 1-23 |
| 24 | ഇ ടെണ്ടർ ഫോം വില പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നൽകേണ്ടതാണ്<br>Written By: Smitha G Nair (Asst. Audit Officer, On 02-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 17-11-2022) | 1-24 |
| 25 | ആശ്രയ ഭവന നിർമ്മാണ പദ്ധതി - നിർമ്മാണം ആരംഭിച്ചിട്ടില്ല.<br>Written By: Jyothilekshmy.R (Senior Grade Auditor, On 02-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 17-11-2022) | 1-25 |
| 26 | യഥാ സമയം കരാറിൽ എർപ്പെട്ടില്ല- കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer, On 02-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-11-2022) | 1-26 |
| 27 | പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - ചെലവഴിച്ചിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer, On 02-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-11-2022) | 1-27 |
| 28 | കരാറിലേർപ്പെട്ട പ്രോജക്ടുകൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടും ആരംഭിച്ചിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer, On 02-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 17-11-2022) | 1-28 |
| 29 | വിവാഹധനസഹായം - രേഖകൾ ലഭ്യമായില്ല<br>Written By: Jyothilekshmy.R (Senior Grade Auditor, On 02-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-11-2022) | 1-29 |
| 30 | ലൈഫ് ഭവന ഫദ്ധതി -ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു<br>Written By: Jyothilekshmy.R (Senior Grade Auditor, On 02-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 17-11-2022) | 1-30 |
| 31 | പത്രപരസ്യം- അനുവദനീയമായ ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല<br>Written By: Ratheesh C R (Audit Officer, On 02-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 21-11-2022) | 1-31 |
| 32 | യു പി എസ് ബാറ്ററി വാങ്ങൽ - പഴയ ബാറ്ററിയുടെ വില ലഭ്യമായിട്ടില്ല<br>Written By: Ratheesh C R (Audit Officer, On 02-11-2022) | 1-32 |

| | | |
|---|---|---|
| | Last Updated By: Ramamol Velayudhan (Computer Assistant, On 17-11-2022) | |
| 33 | നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Ratheesh C R (Audit Officer, On 03-11-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-11-2022) | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Bineeth Rajan (Auditor, On 26-10-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-11-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Bineeth Rajan (Auditor, On 26-10-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-11-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Bineeth Rajan (Auditor, On 26-10-2022)<br>Last Updated By: Ratheesh C R (Audit Officer, On 03-11-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Jyothilekshmy.R (Senior Grade Auditor, On 26-10-2022)<br>Last Updated By: Jyothilekshmy.R (Senior Grade Auditor, On 26-10-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jyothilekshmy.R (Senior Grade Auditor, On 26-10-2022)<br>Last Updated By: Jyothilekshmy.R (Senior Grade Auditor, On 26-10-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jyothilekshmy.R (Senior Grade Auditor, On 26-10-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 17-11-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jyothilekshmy.R (Senior Grade Auditor, On 26-10-2022)<br>Last Updated By: Jyothilekshmy.R (Senior Grade Auditor, On 26-10-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: Jyothilekshmy.R (Senior Grade Auditor, On 26-10-2022)<br>Last Updated By: Jyothilekshmy.R (Senior Grade Auditor, On 26-10-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം<br>Written By: Jyothilekshmy.R (Senior Grade Auditor, On 26-10-2022)<br>Last Updated By: Jyothilekshmy.R (Senior Grade Auditor, On 26-10-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jyothilekshmy.R (Senior Grade Auditor, On 26-10-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-11-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jyothilekshmy.R (Senior Grade Auditor, On 26-10-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-11-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 25.02.22 തീയതിയിലെ 26(1)-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവു ചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 20210817 | 18093216 |
| വരവ് | 201117522 | 72041081 |
| ആകെ | 221328339 | 90134297 |
| ചെലവ് | 205764777 | 79094962 |
| നീക്കിയിരിപ്പ് | 15563562 | 11039335 |

## 1-2 വാർഷികകണക്കുകളുടെ അവലോകനം.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 183921942/- രൂപയും ചെലവ് 186364639/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 2442697/- രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 72093897/- രൂപയും ബാധ്യതകളുടെ മൂല്യം 65120071/- രൂപയും ആകെ ജനറൽ ഫണ്ട് 6973826/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1 . 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2.31/03/2022തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ റിസേർവ്സ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകൾ ലഭ്യമല്ല.

3.പ്ലാൻ ഫണ്ട് പ്രോജക്ടുകളുടെ ചെലവ് റവന്യൂ, ക്യാപ്പിറ്റൽ എന്നിവ വേർതിരിച്ച് അതാത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല . വിവിധ ഫണ്ടുകളിൽ നിന്നും ഒറ്റ ജേണൽ വഴി ആണ് തുക ക്രമീകരിച്ചിരിക്കുന്നത് .ഇത്തരത്തിൽ ക്രമീകരിക്കുന്ന തുകകൾക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. 412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

5. RP 40 (B) യിൽ ഉൾപ്പെട്ട VPFA-III_6 അക്കൗണ്ടിന്റെ പാസ്സ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാനായില്ല.

6.കോവിഡ് 19 ന്റെ പശ്ചാത്തലത്തിൻ ജനപ്രതിനിധികളുടെ ഓണറേറിയം ഇനത്തിൽ കുറവ് ചെയ്ത 120609 രൂപ കോവിഡിനായി ആരംഭിച്ച ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. ടി തുക തൻ വർഷം വിതരണം ചെയ്തിരുന്നു. എന്നാൽ ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂളിൽ 350200301 Recoveries Payable Covid എന്ന ശീർഷകത്തിൽ ബാദ്ധ്യതയിൽ നിന്നും ടി തുക ഒഴിവാക്കിയിട്ടില്ല.

7. ടോട്ടൽ സാനിട്ടേഷൻ, ശുചിത്വ മിഷൻ ഫണ്ട് , ഐ സി ഡി എസ് കേന്ദ്രവിഹിതം എന്നിവയുടെ വരവ് നീക്കിയിരിപ്പ് തുകകൾ എസി ആറുമായി പൊരുത്തപ്പെടുന്നില്ല.ബി 4 ഷെഡ്യൂളിൽ ഉൾപ്പെട്ട

ഉണഭോക്തൃവിഹിതത്തിന്റെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ നിന്ന് ലഭ്യമായില്ല.

8.വസ്തുനികുതിയുടെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് രജിസ്റ്റർ പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വാടകയുടെ മുൻവർഷ കുടിശികയുടെ (3610/-) വിവരം ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

9. ബാലൻസ് ഷീറ്റ് ബി9 ഷെഡ്യൂളിലെ 350410101, 350410104, 350410102, 350410301 ശീർഷകങ്ങളിലെ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് വരവുകളുടെ മുൻകുറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.

10 . ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകളുടെ മുന്നിരിപ്പിന്റെ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

11. 1-18 പ്രകാരം മുൻവർഷ ഇനങ്ങളായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ രേഖകൾ ലഭ്യമല്ല.

12 .സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കിന്റെ തുക "കാലാവധി കഴിഞ്ഞ ചെക്കുകൾ " എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.( ചെക്ക് നമ്പർ-314124/10.08.21 തുക 1000)

13. 2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല( ഷെഡ്യൂൾ I-16).

14. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവ് കണക്കുകൾ കാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18093216 |
| ഓഡിറ്റ് വർഷത്തെ വരവ് | 72041081 |
| ആകെ | 90134297 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 79094962 |
| നീക്കിയിരിപ്പ് | 11039335 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 303723 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 14653000 | 14653000 | 14376535 | 276465 |
| വികസന ഫണ്ട്-SCP | | 5476386 | 5476386 | 5095000 | 381386 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്- TSP | | 2000 | 2000 | 0 | 2000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | | 3371324 | 3371324 | 3013676 | 357648 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | | 6138439 | 6138439 | 3793654 | 2344785 |
| മെയിന്റനൻസ് ഗ്രാന്റ്- Road | | 11683446 | 11683446 | 6729000 | 4954446 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | | 5989537 | 5989537 | 4834533 | 1155004 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 353674 | 0 | 353674 | 0 | 353674 |
| ICDS ഫണ്ട് | 871913 | 580607 | 14452520 | 77145 | 1375375 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 174524 | 150000 | 324524 | 300000 | 24524 |
| ബ്ലോക്ക് പഞ്ചായത്ത് (റവന്യൂ ചെലവ്) | 760000 | 0 | 760000 | 0 | 760000 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 1562508 | 1562508 | 1562508 | 0 |
| ജില്ലാ പഞ്ചായത്ത് (റവന്യൂ ചെലവ്) | 1062352 | 0 | 1062352 | 0 | 1062352* |
| ജില്ലാ പഞ്ചായത്ത് | 0 | 2852239 | 2852239 | 2852239 | 0 |

* 225000 രൂപ ബാദ്ധ്യത ശീർഷകത്തിലേക്ക് മാറ്റിയിട്ടുണ്ട്

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. വികസനഫണ്ട് എസ് സി പിയിൽ 381386രൂപയും ടി എസ് പിയിൽ 2000 രൂപയും ഇപ്രകാരം ലഭിച്ചിട്ടുണ്ട് .

മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് വിഭാഗത്തിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. റോഡിനത്തിൽ 301446 രൂപയും നോൺറോഡിനത്തിൽ 149035 രൂപയും ഇപ്രകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന്

വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 42502 രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ടൈഡ് ഇനത്തിൽ 2046439രൂപയും ബേസിക്ക് ടാക്സ് ഇനത്തിൽ 643324രൂപയും ഇപ്രകാരം അധിക അലോട്ട് മെന്റ് ലഭിച്ചിട്ടുണ്ട്. ബേസിക്ക് ടാക്സ് ഇനത്തിൽ 306432രൂപയും ടൈഡ് ഇനത്തിൽ 2046439രൂപയിൽ 420052 രൂപയും ചെലവഴിച്ചിട്ടുണ്ട്.

1.ജി ഒ പ്രോജക്റ്റായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, ടി എസ് പി ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. എസി ആറിലും ഗ്രാന്റ് സ്റ്റേറ്റ് മെന്റിലും പ്രസ്തുത തുകകൾ ഉൾപ്പെട്ടിട്ടില്ല. 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം വികസന ഫണ്ട് ടി എസ് പി യിൽ അധിക അലോട്ട്മെന്റായി ലഭിച്ച 2000രൂപയും അലോട്ട്മെന്റായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ എസി ആറിൽ പ്രസ്തുത തുക ഉൾപ്പെട്ടിട്ടില്ല.

3 ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

4.കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ, പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന എസിആർ / ക്യാഷ് ബുക്ക് എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 27.01.2021 ൽ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചേരുകയും ചെയ്തു. തയ്യാറാക്കിയ കരട് പ്രോജക്ടുകൾ 06.02.2021 മുതൽ 13.02.2021 വരെ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 20.02.2021 -ൽ വികസന സെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു.

വാർഷിക പദ്ധതിയ്ക്ക് 10.03.2022 ലെ ഉത്തരവ് നം. 81898/21/DPC/DPO/KTM പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 148 | 91039160 | 126 | 45704464 | 22 | 85 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചവ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 3220700 | 2610610 | 81.06 |
| വെറ്ററിനറി സർജൻ | 9 | 9 | 3166200 | 1491730 | 47.11 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | 5 | 5 | 1061678 | 958777 | 90.31 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 3 | 3 | 370000 | 369974 | 99.99 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 4 | 4 | 1165000 | 1165000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 1 | 236218 | 128473 | 54.39 |
| വില്ലേജ് എക്സ്റ്റൻഷൻഓഫീസർ | 18 | 17 | 45543784 | 11344270 | 24.91 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 8 | 3793796 | 3110659 | 81.99 |
| സെക്രട്ടറി | 38 | 31 | 15073698 | 13051909 | 86.59 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 52 | 39 | 17108086 | 11173062 | 65.31 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 300000 | 300000 | 100 |
| ആകെ | 148 | 126 | 91039160 | 45704464 | 50.2 |

അസിസ്റ്റന്റ് എഞ്ചിനീയർ , വി.ഇ.ഒ, വെറ്ററിനറി സർജൻ, ഫിഷറീസ് സബ് ഇൻസ്പെക്ടർ, എന്നിവരുടെ ചെലവ് കുറവായത് വാർഷിക പദ്ധതി ചെലവ് കുറയാൻ കാരണമായി.

പഞ്ചായത്തിൽ തൻ വർഷം പൊതുമരാമത്ത് മേഖലയിൽ 52 പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയതിൽ 39 എണ്ണം നടപ്പിലാക്കി. മെഡിക്കൽ ഓഫീസർ, ഡയറി ഫാം ഇൻസ്ട്രക്ടർ ,

സെക്രട്ടറി , കൃഷി ഓഫീസർ , എന്നിവർ പദ്ധതി നിർവ്വഹണത്തിൽ മികച്ച പ്രവർത്തനം നടത്തി.

പൂർത്തീകരണ സാക്ഷ്യപത്രം , മോണിറ്ററിങ്ങ് സമിതി റിപ്പോർട്ട് എന്നിവ തയ്യാറാക്കി സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതു വരെ മോണിറ്റർ ചെയ്യുന്നത് പദ്ധതി നടത്തിപ്പിലെ അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും സഹായിക്കുന്നു. നിർവ്വഹണം പൂർത്തിയാക്കിയ എല്ലാ പദ്ധതികളുടെ ഫയലുകളിലും

ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ( ധനസഹായം ). ഉപകരണങ്ങൾ. തൈകൾ , വിത്തുകൾ. വളർത്തു മൃഗങ്ങൾ / പക്ഷികൾ എന്നിവയെ നൽകുമ്പോൾ കൈപ്പറ്റ് രസീത് അല്ലെങ്കിൽ വിതരണ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

വിവിധ വിഭാഗങ്ങളിലായി ബജറ്റ് പ്രകാരം അനുവദിച്ചിരുന്നതിൽ നടപ്പാക്കാത്ത പ്രോജക്ടുകൾക്കുവേണ്ടി വകയിരുത്തിയ തുകയും പ്രോജക്ട് നടപ്പായിട്ടും ട്രഷറിയിൽ പാസ്സാകാതെ ക്യൂ ലിസ്റ്റിലായ ബിൽ തുകകളും ഉൾപ്പെടെ ആകെ 13047659/-രൂപ വാർഷികപദ്ധതിക്കായി വിനിയോഗിക്കാനാവാതെ നഷ്ടമാവുകയാണുണ്ടായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|

| | |
|---|---|
| വികസന ഫണ്ട്-ജനറൽ | 276465 |
| വികസന ഫണ്ട്-SCP | 381386 |
| വികസന ഫണ്ട്- TSP | 2000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 357648 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 2344785 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 4954446 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 1155004 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 353674 |
| ICDS ഫണ്ട് | 1375375 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 24524 |
| ബ്ലോക്ക് പഞ്ചായത്ത് | 760000 |
| ജില്ലാ പഞ്ചായത്ത് | 1062352 |
| ആകെ | 13047659 |

ഇപ്രകാരമുള്ള ഫണ്ട് നഷ്ടം ഭാവിയിൽ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടത്താതിരുന്നതിനാലാണ് ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ട വലിയ തുക നഷ്ടമാകുന്ന അവസ്ഥയുണ്ടായത്. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് മുഴുവൻ തുകയും ചെലവഴിക്കുന്നതിന് ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 78 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർബജറ്റ്പ്രകാരം 1024 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 458 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 418 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 197057 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2465കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തോടുകൾ ആഴംകൂട്ടൽ, ഭൂവികസനപ്രവൃത്തികൾ, റോഡ് കോൺക്രീറ്റിങ്,കാലിത്തൊഴുത്ത് നിർമ്മാണം തരിശുഭൂമികളിൽ കൃഷിയോഗ്യമാക്കൽ , തുടങ്ങിയ പ്രോജക്റ്റുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത് .തൻവർഷത്തെ വരവുചെലവുവിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (കാഷ് ബുക്ക് പ്രകാരം)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5354.64 | 678871 | 684225.64 | 681912.64 | 2313 |
| ഗുണഭോക്താക്കൾക്ക് നേരിട്ട്നൽകിയത് | 0 | 69910736 | 69910736 | 69910736 | 0 |
| ആകെ | 5354.64 | 70589607 | 70594961.64 | 70592648.64 | 2313 |

## 1-7 സാമൂഹ്യസുരക്ഷാ പദ്ധതികൾ

2021-22 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 17225000 | 1149 |
| വിധവാപെൻഷൻ | 8598300 | 597 |
| വാർദ്ധക്യകാല പെൻഷൻ | 26061400 | 2097 |
| വികലാംഗ പെൻഷൻ | 4448000 | 300 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 700800 | 47 |
| വിവാഹ ധനസഹായം | 270000 | 9 |
| തൊഴിൽരഹിത വേതനം | 109200 | 91 |

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2022 തീയതിയിൽ 3.00 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1469/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-2 ൽ പരാമർശിച്ചിട്ടുണ്ട്.
01.04.2022 മുതൽ ഗ്രാമപഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ നടപ്പാക്കി. നിലവിൽ ടി സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെയാണ് ഫയലുകൾ കൈകാര്യം ചെയ്യുന്നത്.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

പ്രതിമാസ , വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തിയിട്ടുണ്ട്.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം .

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും

ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. വസ്തുനികുതി, ലേലം ഇനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം

പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യൂർമെന്റ് മാനവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും നടത്തി വരുന്നു.

6) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.08.2022 – 11.08.2022 | 1/22-3/22 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.10.2017 | 2012/13 – 2016/17 | LBA(HQ)II/8B,1302/17-18/266 Dtd 28.11.2017 |

1-11 ചെക്കുകൾ കളക്ഷനാകുന്നതിൽ കാലതാമസം നേരിടുന്നു.

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് (ഉല്ലല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1142 തലയാഴം ശാഖ) വരവ് വരുന്ന ചെക്കുകൾ പ്രകാരമുള്ള തുക ബാങ്ക് അക്കൌണ്ടിലേയ്ക്ക് ക്രെഡിറ്റാകുന്നതിൽ കാലതാമസം നേരിടുന്നതായി ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ചെക്ക് നമ്പർ/തീയതി | ബാങ്കിൽ നിക്ഷേപിച്ച തീയതി | തുക | തുക ക്രെഡിറ്റായ തീയതി |
|---|---|---|---|---|
| 1 | 966478/07.03.2022 | 10.03.2022 | 1250/- | 31.10.2022 |
| 2 | 461761/10.03.2022 | 21.03.2022 | 22250/- | 31.10.2022 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/29.10.2022) ലഭ്യമാക്കിയ മറുപടിയിൽ ചെക്കുകൾ കളക്ഷനാകുന്നതിൽ കാലതാമസം നേരിടുന്നതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയില്ല. ചെക്കുകൾ കളക്ഷനാകുന്നതിൽ കാലതാമസം നേരിടുന്നത് അപാകതയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. കൂടാതെ പലിശ ഇനത്തിൽ നഷ്ടവുമുണ്ടാകുന്നു. ബാങ്കുമായി ബന്ധപ്പെട്ട് കാലതാമസം നേരിടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

1-12 ഓഡിറ്റ് ഇംപാക്ട്റ്റ് - രസീത് പ്രകാരമുള്ള കളക്ഷൻ തുക ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയപ്പോൾ അടവാക്കി

രസീത് പ്രകാരം പിരിവ് നടത്തിയ താഴെപ്പറയും പ്രകാരമുള്ള തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയിരുന്നില്ല.

| ക്രമനമ്പർ | രസീത് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 25899/26 | 24.2.2022 | 1825/- |
| 2 | 25899/38 | 26.2.2022 | 430/- |
| 3 | 9219/27 | 18.4.2022 | 218/- |
| | | ആകെ | 2473/- |

പ്രസ്തുത തുക പൂർണ്ണമായും അടവാക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയപ്പോൾ തുക 02/11/22ൽ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി രസീത് ഹാജരാക്കി (രസീത് നം. 1220101278/G050101/- തുക 1728, 122010101281/G050101/ തുക 97, 1220101281/G050101/ തുക 430, 12201282/G050101/218) രസീതുകൾ പ്രകാരം ഈടാക്കുന്ന തുകകൾ പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നുവെന്ന മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്

1-13 വസ്തുനികുതി - കുടിശ്ശിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പ്രകാരം 6,39,458/- രൂപ വസ്തുനികുതിയിനത്തിൽ കുടിശ്ശികയുള്ളതായി കാണുന്നു.മേൽ തുകയിൽ 3,87,372/- രൂപ തൻവർഷ കുടിശ്ശികയാണ്.തനത് വരുമാനം താരതമ്യേന കുറഞ്ഞ ഗ്രാമപഞ്ചായത്തിൽ പ്രധാന വരുമാന സ്രോതസ്സായ വസ്തുനികുതിയിൽ കുടിശ്ശിക നിൽക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/31/10.2022) ലഭ്യമാക്കിയ മറുപടിയിൽ ആർ ആർ ഓൺലൈൻ നടപടികൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു.കുടിശ്ശിക പൂർണ്ണമായും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ 228,229 നമ്പർ കെട്ടിടങ്ങളുടെ (ഉടമസ്ഥത – ശ്രീ ജയപ്രകാശ് നാരായണൻ , പുളുപ്പറമ്പ്) വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നില്ല. റിസോർട്ടുകൾ എന്ന ഉപയോഗക്രമത്തിലാണ് പ്രസ്തുത കെട്ടിടത്തെ ഉൾപ്പെടുത്തിയിരിക്കുന്ന സഞ്ചയയിൽ ലഭ്യമായ ഫോം 6ൽ ഫയൽ സ്റ്റാറ്റസ് 'For Approval' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/31.10.2022) ലഭ്യമാക്കിയ മറുപടിയിൽ എ 3 -6334/15 നമ്പർ ഫയൽ പ്രകാരം കെട്ടിട നമ്പർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും നിലവിൽ കെട്ടിടം ഉപയോഗിക്കുന്നില്ലെന്നും ഉടമയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. തുടർ

നടപടികൾ സ്വീകരിച്ച കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതും പഞ്ചായത്തിന്റെ വരുമാനം നഷ്ടമാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-15 തൊഴിൽനികുതി ഈടാക്കിയില്ല.

2021-22 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | സ്ഥാപനം | അടക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | അക്ഷയ കേന്ദ്രം ഉല്ലല | 1,2 |
| 2 | ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ | 1,2 |
| 3 | കൃഷി ഓഫീസ് | 1,2 |
| 4 | മറ്റപ്പള്ളി ബാങ്കേർസ് | 1,2 |
| 5 | കണ്ടത്തിൽ ചിറയിൽ ട്രേഡ് ലിങ്ക്സ് | 1,2 |
| 6 | ഗ്രാമപഞ്ചായത്തിലെ വിവിധ റേഷൻ കടകൾ | 1,2 |

കൂടാതെ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങൾ രണ്ട് അർദ്ധ വർഷങ്ങളിലും സ്ഥാപന തൊഴിൽനികുതി അടവാക്കുന്നതായി കാണുന്നില്ല.

| ക്രമനമ്പർ | സ്ഥാപനം |
|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ,തലയാഴം |
| 2 | സഹകരണ ബാങ്ക് നം 1142 തലയാഴം |
| 3 | സഹകരണ ബാങ്ക് നം 509 തലയാഴം |
| 4 | സഹകരണ ബാങ്ക് നം 1359 കൊതവറ |
| 5. | സഹകരണ ബാങ്ക് നം 470 തോട്ടകം |
| 6. | കൊശമറ്റം ഫിനാൻസ്, ഉല്ലല |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (24/31.10.2022) മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതാണെന്ന് അറിയിച്ചു.മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-16 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു.ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയ മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ / വ്യക്തിയുടെ പേര് |
|---|---|
| 1 | സന്തോഷ് വല്യാറയിൽ |

| | |
|---|---|
| 2 | രാജു മാന്തറ |
| 3 | രാജു പലത്താനത്ത് |
| 4 | ശശീന്ദ്രൻ കരിടിയാകുളം |
| 5 | ടോംസ് മാത്യു പെരുമ്പള്ളിൽ |
| 6 | ബാബു മലയിൽ |
| 7 | വർഗ്ഗീസ് പന്തല്ലൂർ |

കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ കള്ളുഷാപ്പുകൾ,റേഷൻ കടകൾ ,മാവേലി സ്റ്റോർ ,വിവിധ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായും കാണുന്നു.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/31.10.2022) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസോട് കൂടി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 ലേലനടപടികൾ - കുടിശ്ശിക നിൽക്കുന്നു

2021-22 വാർഷികധനകാര്യപത്രിക പ്രകാരം വരവിനങ്ങളിൽ താഴെപ്പറയും പ്രകാരം കുടിശ്ശികയുള്ളതായി കാണുന്നു.

| ക്രമനമ്പർ | ഇനം | തുക |
|---|---|---|
| 1 | വാടക | 3610/- |
| 2 | മാർക്കറ്റ് വരവുകൾ | 1050/- |
| 3 | വൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം | 7920/- |
| | | 12,580/- |

കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/31.10.22) ലഭ്യമാക്കിയ മറുപടിയിൽ ക്രമനമ്പർ 1,2 പ്രകാരമുള്ള കുടിശ്ശിക തുക അക്കൗണ്ടിംഗ് പ്രക്രിയയിൽ സംഭവിച്ച അപാകതയാണെന്ന് അറിയിച്ചു. എന്നാൽ അപാകത സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. ക്രമനമ്പർ 3 പ്രകാരമുള്ള തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്റ്റുകൾ സംബന്ധിച്ച അപാകതകൾ

വെറ്ററിനറി സർജൻ തൻ വർഷം നിർവ്വഹണം നടത്തിയ താറാവ് വളർത്തൽ , കോഴികളെ വളർത്തൽ എന്നീ പദ്ധതികളിൽ വികസന ഫണ്ടിന്റെയും ഗുണഭോക്തൃവിഹിതത്തിന്റെയും വിനിയോഗത്തിൽ മാർഗ്ഗരേഖയിൽ പരാമർശിച്ച അനുപാതം പാലിച്ചിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)അടുക്കളമുറ്റത്തെ മുട്ടക്കോഴി വളർത്തൽ

പ്രോജക്റ്റ് നം. - S0061/22

| | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് | 200000 | 168000 |
| ഗുണഭോക്തൃവിഹിതം | 200100 | 162000 |
| തനത് ഫണ്ട് | 100 | - |
| ആകെ അടങ്കൽ | 400200 | 330600 |

ടി പദ്ധതി പ്രകാരം കൊട്ടുവേലിൽ എഗ്ഗർ നഴ്സറി, ആറ്റുവേലിൽ എഗ്ഗർ നഴ്സറി എന്നിവിടങ്ങളിൽ നിന്നും ആകെ 2755 മുട്ടക്കോഴികളെ 120 രൂപ നിരക്കിൽ വാങ്ങുന്നതിനായി 50% സബ്സിഡി നിരക്കിൽ

വികസനഫണ്ടിൽ നിന്നും 168000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 5 കോഴിക്കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്യുന്നതിനും തുകയുടെ 50% ഗുണഭോക്താവ് വഹിക്കുന്നതായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 2755 കോഴികളെ വാങ്ങിയിട്ടുണ്ട്. ഇതുപ്രകാരം 50% സബ്സിഡി നിരക്കിൽ 165300/- രൂപയാണ് വികസനഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ വികസനഫണ്ടിൽ നിന്നും 168000/- രൂപയും ഗുണഭോക്തൃ വിഹിതമിനത്തിൽ 162600 രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. 560 ഗുണഭോക്താക്കൾ ഉണ്ടായിരുന്നെങ്കിലും 551 ഗുണഭോക്താക്കൾക്ക് മാത്രമാണ് കോഴിയെ നൽകിയത്. ഒരു ഗുണഭോക്താവിൽ നിന്നും 300 രൂപ വീതം 551 ഗുണഭോക്താക്കൾക്ക് 165300 രൂപയാണ് ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ 162600 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവഴിക്കേണ്ടിയിരുന്ന 2700 രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നു. കൂടാതെ 9 ഗുണഭോക്താക്കൾക്ക് കോഴിയെ വാങ്ങി നൽകിയിട്ടില്ലാത്തതിനാൽ അവരിൽ നിന്നും ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത 2700 രൂപ തനത് ഫണ്ടിൽ അവശേഷിക്കുന്നു.

2)താറാവ് വളർത്തൽ വനിത

പ്രോജക്ട് നം. - S0140/21-22

| | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് | 400000 | 166800 |
| ഗുണഭോക്തൃവിഹിതം | 400200 | 110400 |
| തനത് ഫണ്ട് | 200 | - |
| ആകെ അടങ്കൽ | 800400 | 277200 |

ടി പദ്ധതി പ്രകാരം വാഴക്കുട്ടത്തിൽ ഡക്ക് എഗ്ഗർ നഴ്സറിയിൽ നിന്നും താറാവിന് 120 രൂപ നിരക്കിൽ താറാവിനെ വാങ്ങുന്നതിനായി 50% സബ്സിഡി നിരക്കിൽ വികസനഫണ്ടിൽ നിന്നും 166800രൂപ ചെലവഴിച്ച് താറാവിനെ വാങ്ങിയതായി കാണുന്നു. ഒരു ഗുണഭോക്താവിന് 10 താറാവിനെ വീതം വിതരണം ചെയ്യുന്നതിനും തുകയുടെ 50% ഗുണഭോക്താവ് വഹിക്കുന്നതായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി വാഴക്കുട്ടത്തിൽ ഡക്ക് എഗ്ഗർ നഴ്സറിയിൽ നിന്നും 2310 താറാവിനെ വാങ്ങിയിട്ടുണ്ട്. ഇതുപ്രകാരം 50% സബ്സിഡി നിരക്കിൽ 138600 രൂപയാണ് വികസനഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ വികസനഫണ്ടിൽ നിന്നും 166800 രൂപയും ഗുണഭോക്തൃ വിഹിതമിനത്തിൽ 110400 രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. 278 ഗുണഭോക്താക്കൾ ഉണ്ടായിരുന്നെങ്കിലും 231 ഗുണഭോക്താക്കൾക്ക് മാത്രമാണ് താറാവിനെ നൽകിയത്. ഒരു ഗുണഭോക്താവിൽ നിന്നും 600 രൂപ വീതം 231 ഗുണഭോക്താക്കൾക്ക് 138600 രൂപയാണ് ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ 110400 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവഴിക്കേണ്ടിയിരുന്ന 28200 രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നു. കൂടാതെ 47 ഗുണഭോക്താക്കൾക്ക് താറാവിനെ വാങ്ങി നൽകിയിട്ടില്ലാത്തതിനാൽ അവരിൽ നിന്നും ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത 28200 രൂപ തനത് ഫണ്ടിൽ അവശേഷിക്കുന്നു.

3)താറാവ് വളർത്തൽ എസ് .സി വനിത

പ്രോജക്ട് നം. - S0142/22

| | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 300000 | 111600 |
| ഗുണഭോക്തൃവിഹിതം | 100200 | 16800 |
| തനത് ഫണ്ട് | 600 | - |
| ആകെ അടങ്കൽ | 400800 | 128400 |

ടി പദ്ധതി പ്രകാരം വാഴക്കുട്ടത്തിൽ ഡക്ക് എഗ്ഗർ നഴ്സറിയിൽ നിന്നും താറാവിന് 120 രൂപ നിരക്കിൽ താറാവിനെ വാങ്ങുന്നതിനായി 75% സബ്സിഡി നിരക്കിൽ വികസനഫണ്ടിൽ നിന്നും 111600 രൂപ ചെലവഴിച്ച് താറാവിനെ വാങ്ങിയതായി കാണുന്നു. ഒരു ഗുണഭോക്താവിന് 10 താറാവിനെ വീതം വിതരണം ചെയ്യുന്നതിനും തുകയുടെ 25% ഗുണഭോക്താവ് വഹിക്കുന്നതായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി എഗ്ഗർ നഴ്സറിയിൽ നിന്നും 1070 താറാവിനെ വാങ്ങിയിട്ടുണ്ട്. ഇതുപ്രകാരം 75% സബ്സിഡി നിരക്കിൽ 96300 രൂപയാണ് വികസനഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ വികസനഫണ്ടിൽ നിന്നും 111600 രൂപയും ഗുണഭോക്തൃ വിഹിതമിനത്തിൽ 16800 രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. 126 ഗുണഭോക്താക്കൾ ഉണ്ടായിരുന്നെങ്കിലും 107 ഗുണഭോക്താക്കൾക്ക് മാത്രമാണ് താറാവിനെ വാങ്ങി നൽകിയത്. ഒരു ഗുണഭോക്താവിൽ നിന്നും 300 രൂപ വീതം 107 ഗുണഭോക്താക്കൾക്ക് 32100 രൂപയാണ് ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ 16800 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവഴിക്കേണ്ടിയിരുന്ന 15300 രൂപ വികസഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിരിക്കുന്നത്. കൂടാതെ 19 ഗുണഭോക്താക്കൾക്ക് താറാവിനെ വാങ്ങി നൽകിയിട്ടില്ലാത്തതിനാൽ അവരിൽ നിന്നും ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത 5700 രൂപയും തനത് ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നു.

ടി അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 33/01.11.2022) ലഭ്യമാക്കിയ മറുപടിയിൽ അവശേഷിക്കുന്ന ഗുണഭോക്തൃ വിഹിതം ചെലവഴിച്ച് പ്രോജക്ട് പൂർത്തിയാക്കുന്നതിനും നിലവിലെ സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ ആയി പ്രോജക്ട് ആവിഷ്കരിച്ച് നിർവഹണം നടത്തുന്നുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത് . പദ്ധതി പൂർത്തീകരിച്ച വിവരം അറിയിക്കേണ്ടതാണ്. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ഫണ്ട് വിനിയോഗത്തിൽ സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന അനുപാതം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| ക്രമനം. | പ്രോജക്ട് നം | | ബിൽ നം. |
|---|---|---|---|
| 1 | SO102/2021-22 | വികസനഫണ്ട് - 200000<br>ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത് - 200000<br>ആകെ അടങ്കല് - 400000 | 03/2021-22-200000 തീയതി 31.12.21 |

| | | | |
|---|---|---|---|
| | | ചെലവ് - 200000 | |
| 2 | 0062/2021-22 | വികസനഫണ്ട് - 200000<br>സംസ്ഥാനാവിഷ്കൃത പരിപാടി - 200000<br>ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത് - 400000<br>ആകെ അടങ്കല് - 800000<br>ചെലവ് - 200000 | 04/2021-22-200000 തീയതി 14.01.22 |

2021 – 22 സാമ്പത്തിക വർഷത്തിൽ കന്നുകുട്ടി പരിപാലനവുമായി ബന്ധപ്പെട്ട് വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. രണ്ട് പ്രോജക്ടിലുമായി 200000 രൂപ വീതം കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 400000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 പ്രതിരോധ മരുന്ന് വാങ്ങൽ (ആയുർവേദം) - മരുന്നുകൾ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നം. | പ്രതിരോധ മരുന്ന് വാങ്ങൽ (ആയുർവേദം)<br>18/2021-22 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| ചെലവ് | 1,00,000 /- |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ബിൽ നം | 1/21-22തീയതി 25.09.2021 |

മേൽ പ്രോജക്ടിലേയ്ക്കായി ഔഷധി, തൃശ്ശൂരിന് 1,00,000/- രൂപ 25.09.2022 ൽ മേൽ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. എന്നാൽ 5768/- രൂപയുടെ മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/29.10.2022) . മറുപടി ലഭ്യമായില്ല . മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 5768/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 മെഡിക്കൽ ഓഫീസർ(പി എച്ച് സി) നടപ്പാക്കിയ പ്രോജക്ടുകൾ - മരുന്നുകൾ / ഉപകരണങ്ങൾ ലഭ്യമായില്ല.

1.

| | |
|---|---|
| പ്രോജക്ട് നം. | 11/2021-22<br>പി എച്ച് സിക്ക് |

| | |
|---|---|
| | മരുന്നവാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) |
| ചെലവ് | 99942 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ബിൽ നം. | 11/2021-22തീയതി 15.11.2021 |

മേൽ പ്രോജക്ടിലേയ്ക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 99942/- രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. മരുന്നുകൾ ലഭിച്ചതിന്റെ വിവരങ്ങൾ ഇല്ല.

2.

| | |
|---|---|
| പ്രോജക്ട് നം. | 9/2021-22<br>പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) |
| ചെലവ് | 570000 |
| ഫണ്ട് | വികസന ഫണ്ട് ജനറൽ - 500000<br>ബ്ലോക്ക് വിഹിതം - 70000<br>(വികസന ഫണ്ട് ജനറൽ വിഹിതത്തിൽ നിന്നും109926 രൂപ മരുന്ന വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്) |
| ബിൽ നം. | 14/09.12.2021 – 30000<br>19/07.03.2022<br>- 9926<br>26/30.03.2022 - 70000 |

മേൽ പ്രോജക്ടിലേയ്ക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 109926/- രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. മരുന്നുകൾ / ഉപകരണങ്ങൾ ലഭ്യമായില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/29.10.2022) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ / ഉപകരണങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 209868 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നം | ഹോമിയോ ഡിസ്പെൻസറിക്ക് |

| | |
|---|---|
| | മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ 6/2020-21 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| ചെലവ് | 3,00,000 /- |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ബിൽ നം. | 8/21-22തീയതി 13.12.2021 |

മേൽ പ്രോജക്റ്റിലേയ്ക്കായി ഹോംകോ എന്ന സ്ഥാപനത്തിന് 3,00,000/- രൂപ 13.12.2021 ൽ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/29.10.20211) ലഭ്യമാക്കിയ മറുപടിയിൽ മുൻഗണനാ ലിസ്റ്റ് പ്രകാരം മാത്രമേ മരുന്നുകൾ ലഭ്യമാകുകയുള്ളുവെന്ന് ഹോംകോയുടെ അറിയിപ്പ് ലഭിച്ചതായി മെഡിക്കൽ ഓഫീസർ അറിയിച്ചു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പ്രോജക്റ്റിലേയ്ക്കായി ചെലവഴിച്ച 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 ശ്രീകുരുംബ പൊതു കിണർ വൃത്തിയാക്കൽ- കിണർ പഞ്ചായത്തിന്റെ ആസ്തിയാണെന്നതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 128/22, ശ്രീകുരുംബ പൊതു കിണർ വൃത്തിയാക്കൽ |
| നിർവ്വഹണോദ്യാഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ജോസ് മോൻ ജോസഫ് |
| ചെലവ് | 23895 |
| ബിൽ നമ്പർ | 306/19.03.2022 |

ശ്രീകുരുംബ ക്ഷേത്രത്തിന് സമീപം സ്ഥിതി ചെയ്യുന്ന പൊതുകിണർ നവീകരിക്കുന്നതിനായി 2021-22 വർഷം 23895 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി കിണർ അസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല. പഞ്ചായത്തിന്റെ ആസ്തിയാണെന്നുള്ള രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം. 17/31.10.22) കിണർ പൊതുവായി ഉപയോഗിച്ചു വരുന്നതാണെന്നും ആസ്തിരജിസ്റ്ററിൽ ചേർക്കാനുള്ള നടപടികൾ നടക്കുന്നുവെന്നും മറുപടി ലഭ്യമാക്കി. പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത കിണറ് വൃത്തിയാക്കാൻ ചെലവഴിച്ച 23895 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 ഇ ടെണ്ടർ ഫോം വില പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നൽകേണ്ടതാണ്

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് എസ്.ബി.ഐ. ഉല്ലല ശാഖയിൽ അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (A/c3806538278 ). ടെൻഡർ ഫീസ് ഇനത്തിലുള്ള തുക ടി അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ആകുന്നനത്.ടി അക്കൗണ്ടുകളിലെ (31/03/22) ൽ 93391/- രൂപ നീക്കിയിരിപ്പ് ഉണ്ട് . പ്രസ്തുത തുകകൾ ഗ്രമപഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ തുക ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതും ജി.എസ്.റ്റി. ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്. കൂടാതെ ടെൻഡർ ഫീസിനത്തിൽ മുൻവർഷങ്ങളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള തുക

പഞ്ചായത്തിന് തിരികെ ലഭിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

1-25 ആശ്രയ ഭവന നിർമ്മാണ പദ്ധതി - നിർമ്മാണം ആരംഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 0016/21-22 |
| വികസനഫണ്ട് | 400000 |
| ചെലവ് | 400000 |

2021- 22 വർഷം വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി ആശ്രയ ഭവന നിർമ്മാണ പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും നൽകിയ 400000 രൂപ അഗതി രഹിത കേരളം പദ്ധതിയുടെ അക്കൗണ്ടിലേക്ക് (നം.38678011103) ട്രാൻസ്ഫർ ചെയ്തു നൽകിയിരുന്നു. ടി തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. ടി അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/31.10.22) ആശ്രയ ഭവന നിർമ്മാണം പദ്ധതിയിൽ എഗ്രിമെന്റ് വെച്ച ഗുണഭോക്താവിന് പട്ടിക ജാതി വികസന ഓഫീസിൽ നിന്നും ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം ലഭിച്ചതിനാൽ ആശ്രയ ഭവനനിർമ്മാണ പദ്ധതിയിൽ നിന്നും ഒഴിവാക്കി എന്നാണ് മറുപടി ലഭ്യമാക്കിയത്. ആശ്രയ ഗുണഭോക്തൃ ലിസ്റ്റിലെ അടുത്ത ഗുണഭോക്താവിന് ടി ആനുകൂല്യം നൽകി എത്രയും വേഗം ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-26 യഥാ സമയം കരാറിൽ എർപ്പെട്ടില്ല- കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല

2012 ലെ കേരളാ പി ഡബ്ള്യു ഡി മാന്വൽ ഖണ്ഡിക 2009.6 പ്രകാരം ടെൻഡർ അംഗീകരിച്ച കരാറുകാരൻ സെലക്ഷൻ നോട്ടീസ് ലഭിച്ച് 14 ദിവസത്തിനകം സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ടി സമയത്തിനുള്ളിൽ കരാറിൽ ഏർപ്പെട്ടില്ലായെങ്കിൽ കരാർ തുകയുടെ 1 % (മിനിമം-1000 രൂപ) ഫൈൻ അടച്ച് അടുത്ത 10 ദിവസത്തിനുള്ളിൽ കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ അനുവദിക്കപ്പെട്ട കാലാവധിയായ 14 ദിവസത്തിനുശേഷവും ഫൈൻ അടയ്ക്കാതെ കരാറിൽ ഏർപ്പെട്ടതായി കാണുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ പേര് | കരാറുകാരൻ | സെലെക്ഷൻ നോട്ടീസ് തീയതി | കരാർ തീയതി | പി എ സി | ഫൈൻ |
|---|---|---|---|---|---|---|
| 1 | 119/22 മോസ്കോ -ഒഴലക്കാവ് റോഡ് ടാറിങ്ങ് | ഷാജി പി എസ് | 29/10/2019 | 30/11/2019 | 445338 | 4453 |
| 2 | 113/22 മോസ്കോ കുവം റോഡ് പുനരുദ്ധാരണം | അനിൽകുമാർ | 22/02/21 | 05/10/21 | 1158054 | 11580 |

ഫൈൻ ഇനത്തിൽ ഈടാക്കേണ്ട തുക കുറവ് ചെയ്യാതെയാണ് കരാറുകാർക്ക് ഫൈനൽ ബിൽ നൽകിയത്. അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം. 31.10.2022) മറുപടിയിൽ ക്രമനമ്പർ ഒന്നിൽ പരാമർശിക്കുന്ന പ്രോജക്ടിന് ഫൈൻ അടയ്ക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും ക്രമനമ്പർ രണ്ടിൽ പരാമർശിക്കുന്നതിന് 22/02/21 ൽ സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും കോവിഡായതിനാലാണ് കരാറിൽ ഏർപ്പെടാൻ സാധിക്കാഞ്ഞതെന്നും അറിയിച്ചു. എന്നാൽ 13 പ്രവൃത്തികൾക്ക് 26/02/2021 ൽ കരാറിൽ ഏർപ്പെട്ടെന്ന് എഗ്രിമെന്റ് രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നു. മേൽ പ്രവൃത്തിക്ക് മാത്രം കരാറിലേർപ്പെടാൻ ഇളവ് നൽകിയത് ശരിയായ നടപടിയല്ല.

ഈ സാഹചര്യത്തിൽ രണ്ടു പ്രോജക്ടുകളുടെയും ഫൈൻ ഇനത്തിൽ മരാമത്ത് ചട്ടങ്ങൾ പ്രകാരം ഈടാക്കേണ്ടിയിരുന്ന തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-27 പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - ചെലവഴിച്ചിട്ടില്ല

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. 31/03/2022 ലെ ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ ടി തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|
| 1 | 320100199 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 17000 |
| 2 | 320200322 | ശുചിത്വ മിഷൻ ഗ്രാന്റ് | 24524 |
| 3 | 320300103 | ടോട്ടൽ സാനിട്ടേഷൻ | 353674 |
| 4 | 320300199 | മറ്റ് ഏജൻസിയിൽ നിന്ന് ലഭിച്ച ഗ്രാന്റ് | 131301 |
| 5 | 320700105 | സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം-ജില്ലാ പഞ്ചായത്ത് | 225000 |
| 6 | 320700204 | സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം-ബ്ലോക്ക് പഞ്ചായത്ത് | 760000 |
| 7 | 320700205 | സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം-ജില്ലാ പഞ്ചായത്ത് | 837352 |

മേൽ തുകകൾ ലഭിച്ച വർഷം ,ആവശ്യം ,ചെലവഴിക്കാത്തതിന്റെ കാരണം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ (നം. 18/31.10.22) തുക വിനിയോഗിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക ചെലവഴിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സർക്കാർ ഉത്തരവ് നം.7/2017/ഫിൻ 27.1.2017ന്റെ ലംഘനമാണ്. തുക തിരികെ അടച്ച് പഞ്ചായത്തിന്റെ ബാദ്ധ്യതകണക്കിൽ നിന്ന് ഒഴിവാക്കേണ്ടതാണ്

1-28 കരാറിലേർപ്പെട്ട പ്രോജക്ടുകൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടും ആരംഭിച്ചിട്ടില്ല

അസി. എഞ്ചിനിയർ നിർവ്വഹണോദ്യാഗസ്ഥനായി സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്ന ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം | പേര് | അടങ്കൽ |
|---|---|---|
| 111/22 | ഗവ.PSSLPസ്കൂളിന് തുമ്പൂർമുഴി | 230000 |

| | | |
|---|---|---|
| | മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് | |
| 112/22 | ഉല്ലലമാർക്കറ്റ് -തുമ്പോർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് | 230000 |
| 123/22 | സി കെ എൻ ബ്ലോക്ക് മോട്ടോർപുര | 600000 |
| 124/22 | മൂലയിൽ-മുരിയങ്കേരി റോഡിൽ എർത്ത് ഫില്ലിങ്ങ് മടമക്ക് | 499000 |
| 131/22 | ടേക്ക് എ ബ്രേക്ക് പദ്ധതി -തോട്ടകം ഇലഞ്ഞിചുവട് ഭാഗം | 710000 |
| 132/22 | പൊതുശൗചാലയങ്ങളുടെ അറ്റകുറ്റപണി | 231000 |

മേൽ പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ, കരാറുകാരുടെ വിവരം, കരാർ, നടപ്പിലാക്കാത്തതിന്റെ കാരണം എന്നീ വിശദാംശങ്ങൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നം. 15/31.10.22) സി കെ എൻ ബ്ലോക്ക് മോട്ടോർപുര, പൊതു ശൗചാലയങ്ങളുടെ അറ്റകുറ്റപണി എന്നീ പ്രോജക്ടുകൾ തുടർവർഷങ്ങളിൽ നടപ്പാക്കിയെന്നും ഗവൺമെന്റ് PSSLP സ്കൂൾ, ഉല്ലല മാർക്കറ്റ് എന്നിവിടങ്ങളിൽ തുമ്പോർമുഴി മോഡൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കാനുള്ള പ്രോജക്ടുകൾ സ്ഥലലഭ്യത ഇല്ലാത്തതിനാലും മൂലയിൽ മുരിയങ്കേരി റോഡിൽ എർത്ത് ഫില്ലിങ്ങ് എന്ന പ്രവർത്തി പരാതികൾ നിലനിൽക്കുന്നതിനാലും 22/07/22 ലെ കമ്മിറ്റി തീരുമാനപ്രകാരം ഉപേക്ഷിച്ചെന്നും ടേക്ക് എ ബ്രേക്ക് പദ്ധതിക്ക് നിബന്ധനകളോടു കൂടിയുള്ള നിരാക്ഷേപ സാക്ഷ്യപത്രം 27/10/2022 ലാണ് പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയിട്ടുള്ളതെന്നും ആയത് കമ്മിറ്റി അംഗീകരിച്ചു നൽകിയിട്ടില്ലെന്നും മറുപടി നല്കി. പ്രോജക്ടുകളുടെ ആദ്യ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാറിൽ ഏർപ്പെട്ടതിനു ശേഷമാണ് മരാമത്ത് പ്രവൃത്തികൾ സ്പിൽ ഓവറായി തുടർ വർഷങ്ങളിൽ ഉൾപ്പെടുത്തുന്നത്. 29.3.17-ലെ ജി.ഒ (എം.എസ്) 72/2017/തസ്വഭവ നമ്പർ മാർഗ്ഗരേഖാ ഉത്തരവ് ഖണ്ഡിക 6-8 (2) അനുസരിച്ച് സ്പിൽ ഓവർപ്രോജക്ടുകൾ അവ സ്പിൽ ഓവറായ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ് . മാർഗ്ഗരേഖ പാലിച്ച് പ്രോജക്ടുകളുടെ നിർവഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-29 വിവാഹധനസഹായം - രേഖകൾ ലഭ്യമായില്ല

പ്രോജക്ട് നം. - S0012/22

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

വികസനഫണ്ട് (എസ്.സി.പി) - 450000

ചെലവ് - 450000

ബിൽ നം.- 2/ Financial Aid For Marriage Project No.12 /75000 തീയതി. 31.12.21

ബിൽ നം.- 3/ Financial Aid For Marriage Project No.12/75000 തീയതി 14.01.22

ബിൽ നം.- 4/ Financial Aid For Marriage Project No.12/300000 തീയതി 24.02.22

ടി പ്രോജക്ടിൽ ഉൾപ്പെടുത്തി 6 ഗുണഭോക്താക്കൾക്ക് 75000 രൂപ വീതം വിവാഹ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ 4 ഗുണഭോക്താക്കൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവ് | വാർഡ് |
|---|---|---|
| 1 | ചന്ദ്രിക ഓമനക്കുട്ടൻ, പണാമഠം, തലയാഴം | 9 |
| 2 | സാവിത്രി, ഈരത്തറ, തലയാഴം | 9 |
| 3 | സജീവ്, പണാമഠം, തലയാഴം | 9 |
| 4 | സുകുമാരി, വലിയകാട്ടിൽ, കൊതവറ | 15 |

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8/ 31.10.22) ടി സാക്ഷ്യപത്രങ്ങൾ ഫയലിൽ നിന്നും നഷ്ടപ്പെട്ടു പോയതാണെന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കാമെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചവർക്ക് വീണ്ടും ധനസഹായം നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 ലൈഫ് ഭവന ഫദ്ധതി -ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട മുൻ വർഷങ്ങളിലെ പ്രോജക്ടുകൾ , തൻവർഷത്തെ പ്രൊജക്ട് എന്നിവ പ്രകാരം കരാർ വെച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ നിലവിൽ വീട് നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|
| 1 | രഞ്ജിത് .ജി, എണ്ണയ്ക്കാപ്പള്ളിൽ വാർഡ് 4 | 320000 |
| 2 | ബാബു. റ്റി.കെ തോട്ടുവേലിത്തറ. വാർഡ് -4 | 320000 |
| 3 | രത്നമ്മ കളപ്പുരയ്ക്കൽ . വാർഡ് -3 | 360000 |
| 4 | ജോതി.എസ് മടത്തിൽച്ചിറ / വാർഡ് - 15 | 40000 |
| 5 | രാഹുൽ.സി.പി ചുമപാട്ട് . വാർഡ് - 8 | 40000 |
| 6 | ദിബീഷ്.ഡി പാലയ്ക്കത്തറ / വാർഡ് - 7 | 40000 |
| 7 | സുനിൽ സോമൻ അറുപതിൽ ചിറ തോട്ടകം വാർഡ് - 3 | 200000 |
| 8 | ഷൈജു ദാസ് ഈരത്തറ വാർഡ് - 15 | 40000 |
| 9 | ഗീത മേനോൻതറ. വാർഡ് - 3 | 40000 |

| | | |
|---|---|---|
| 10 | വിഷ്ണു<br>പടന്നപുറത്ത് വാർഡ് - 15 | 40000 |
| 11 | വത്സല<br>ഈട്ടത്തറ വാർഡ്- 6 | |
| 12 | അജീഷ് കുമാർ. എം.ആർ<br>കരികിലാട്ട് തറ വാർഡ് - 4 | 40000 |
| 13 | ശരത് ലാൽ. പി.പി<br>പരുത്തിതറ വാർഡ് - 8 | 200000 |
| 14 | സൗമ്യ .കെ.എസ്<br>പറത്തട്ടയിൽ വാർഡ് - 15 | 40000 |
| 15 | ശ്യാമള<br>തോട്ടുവേലിത്തറ വാർഡ് - 3 | 40000 |
| 16 | സുമ.കെ.എ<br>കളത്തിൽ തറ വാർഡ് - 7 | 40000 |
| 17 | ബൈജു ബിനു<br>ലക്ഷം വീട് വാർഡ് - 11 | 40000 |
| 18 | മോഹനൻ<br>പനന്തറ വാർഡ് - 4 | 360000 |
| 19 | ശാരിമോൾ<br>ശ്രേയ നിവാസ് വാർഡ് - 1 | 360000 |
| 20 | പ്രേമൻ പി.വി<br>കിഴക്കേ പുളിക്കണ്ടം വാർഡ് -1 | 360000 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. ഭവന പൂർത്തീകരണ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-31 പത്രപരസ്യം- അനുവദനീയമായ ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല

വിവിധ പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച ടെൻഡർ നോട്ടീസുകൾ ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിച്ച ഇനത്തിൽ താഴെ ചേർക്കുന്ന പ്രകാരം പത്രസ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട് . ജി.ഒ(ആർ.ടി)1/2011/പി.ആന്റ്.എ.ആർഡി, തീ.04.01.2011 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മലയാള മനോരമയിൽ നിന്നും ഇത്തരത്തിൽ 15% ഡിസ്കൗണ്ടായ 4628/-രൂപ ലഭിച്ചിട്ടില്ല. തൻ വർഷം ദേശാഭിമാനി ദിനപത്രത്തിൽ നൽകിയിട്ടുള്ള എല്ലാ പരസ്യങ്ങൾക്കും ഡിസ്കൗണ്ട് ലഭ്യമായിട്ടുമുണ്ട്.

| നമ്പർ | സ്ഥാപനം | പരസ്യ തീയതി | തുക | ലഭ്യമാകേണ്ട ഡിസ്കൗണ്ട് | ബിൽ / ചെക്ക് നം ./ തീയതി |
|---|---|---|---|---|---|
| 1 | മലയാള മനോരമ | 09.11.2021 | 7581 | 1137 | 15/12/21,21090452091800787819 |
| 2 | മലയാള മനോരമ | 19.12.2021 | 4725 | 709 | 31/12/21,21090452091800870128 |

| | | | | | |
|---|---|---|---|---|---|
| 3 | മലയാള മനോരമ | 31.12.2021 | 4725 | 709 | 11/02/22,21090452091801105235 |
| 4 | മലയാള മനോരമ | 07.01.2022 | 4725 | 709 | 23/03/22,21090452091801421267 |
| 5 | മലയാള മനോരമ | 04.02.2022 | 9097 | 1364 | Ch. No 2497301/30.03.22 |
| ആകെ | | | | 4628 | |

ബില്ലുകൾ പരിശോധിച്ച് ഡിസ്കൗണ്ട് ആവശ്യപ്പെടാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം. (30/01.11.22) മറുപടിയിൽ ഡിസ്കൗണ്ട് തുക ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-32 യു പി എസ് ബാറ്ററി വാങ്ങൽ - പഴയ ബാറ്ററിയുടെ വില ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ / പേര് | 159/22 , |
| ചെലവഴിച്ച തുക , ഫണ്ടിനം | 28400/- , തനത് ഫണ്ട് ,പഞ്ചായത്ത് ഓഫീസിലെ യു പി എസ്സിന് ബാറ്ററി വാങ്ങൽ |
| ബിൽ / ചെക്ക് നം ./ തീയതി | 314152/05.10.21 Rs. 28400/- |

പദ്ധതി പ്രകാരം പഞ്ചായത്ത് ഓഫീസിലെ യു പി എസ്സിന്റെ കേടായ രണ്ട് ബാറ്ററികൾക്ക് പകരമായി പുതിയ രണ്ട് ബാറ്ററികൾ മെ . ഹൈക്കൺ ഇൻഡ്യ ലിമിറ്റഡ് തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ബില്ലിൽ പഴയ ബാറ്ററികളുടെ വില കുറവ് ചെയ്തതായി കാണുന്നില്ല. പഴയ ബാറ്ററികൾ തിരികെ വാങ്ങുവാൻ കമ്പനികൾ ബാധ്യസ്ഥരാണ്. ടി ബാറ്ററികൾ ലേലം ചെയ്തു നൽകിയതിന്റെ വിശദാംശങ്ങൾ , പഴയ ബാറ്ററികളുടെ വില കുറവ് ചെയ്യാത്തതിന്റെ കാരണം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (31/01.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല . തുടർ നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-33 നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

1.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ / പേര് | 97/22 ,തെരുവ് വിളക്ക് ലൈൻ വലിക്കൽ |
| ചെലവഴിച്ച തുക , ഫണ്ടിനം | 1950000/- , ധനകാര്യ കമ്മീഷൻ അവാർഡ് |
| ബിൽ / ചെക്ക് നം ./ തീയതി | 1098/10.03.2022 |

പദ്ധതി പ്രകാരം വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനായി അസി . എഞ്ചിനീയർ കെ എസ് ഇ ബി തലയാഴം സെക്ഷൻ - ന് 1950000/- രൂപ നൽകിയിട്ടുണ്ട്. ടി

പ്രവൃത്തിയുടെ ഫൈനൽ ബിൽ , വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 31/01.11.22) നൽകിയ മറുപടിയിൽ ടി പ്രവൃത്തി നിലവിൽ നടന്നുവരുന്നതായും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ഫൈനൽ ബിൽ , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാകുന്നതുവരെ ഈ ഇനത്തിൽ ചെലവഴിച്ച 1950000 രൂപ തടസ്സപ്പെടുത്തുന്നു.)

2.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജെക്റ്റ് നമ്പർ / പേര് | 169 /22 ,വെള്ളക്കരം കുടിശ്ശിക അടവാക്കൽ - രണ്ടാം ഘട്ടം |
| ചെലവഴിച്ച തുക , ഫണ്ടിനം | 147700/- , വികസന ഫണ്ട് ജനറൽ |
| ബിൽ / ചെക്ക് നം ./ തീയതി | 21090452091801404750/ 22.03.2022 |

പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ 139 എണ്ണം പൊതു ടാപ്പുകൾ റദ്ദ് ചെയ്യുന്നതിനായി 147700 /- രൂപ BRN No 21090452091801404750/ 22.03.2022 പ്രകാരം എക്സി. എഞ്ചിനീയർ കേരള വാട്ടർ അതോറിട്ടി പി എച്ച് ഡിവിഷൻ , കടുത്തുരുത്തി പേർക്ക് മാറി നൽകിയിട്ടുണ്ട്. ടി പൊതുടാപ്പുകൾ റദ്ദ ചെയ്തതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം , എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം. 32/01.11.22) മറുപടിയിൽ ടി പ്രവൃത്തി നിലവിൽ പൂർത്തിയാക്കിയിട്ടുണ്ടെന്നും എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ഫൈനൽ ബിൽ , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാകുന്നതുവരെ രണ്ട് പദ്ധതികൾക്കുമായി നിക്ഷേപിച്ച 2097700/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 2021-22 | 04.05.2022 | 26.10.2022 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വൈക്കം | 2021-22 | 74873 | 58/21-22, അങ്കണവാടികളിൽ പോഷകാഹാരം | 74873 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വൈക്കം | 2021-22 | 92100 | 75/21-22, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 92100 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വൈക്കം | 2021-22 | 285535 | 46/21-22, ലൈഫ് ഭവന പദ്ധതി | 285535 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വൈക്കം | 2021-22 | 1040000 | 51/21-22, , ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 1040000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വൈക്കം | 2021-22 | 70000 | 09/21-22പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ | 70000 | 0 |
| | ആകെ | 1562508 | | 1562508 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2021-22 | 100000 | 10/2021-22 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ | 100000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2021-22 | 250000 | 58/21-22, അങ്കണവാടികളിൽ പോഷകാഹാരം | 250000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2021-22 | 277239 | 122/21-22, മണ്ണാത്തുശ്ശേരി ബ്ലോക്ക് മോട്ടോർപുര | 277239 | 0 |
| ജില്ലാ പഞ്ചായത്ത്, | 2021-22 | 2000000 | 51/21-22, , ലൈഫ് ഭവന പദ്ധതി | 2000000 | 0 |

| | | | | | |
|---|---|---|---|---|---|
| കോട്ടയം | | | (എസ്.സി.പി) | | |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2021-22 | 225000 | 75/21-22, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 225000 | 0 |
| | ആകെ | 2852239 | | 2852239 | |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2021-22 വർഷത്തിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിട്ടി എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | തെരുവ് വിളക്ക് ലൈൻ വലിക്കൽ , പ്രോജക്ട് നം. 97/22 | 1950000/- | ഇല്ല | 1950000/- |
| KWA | 169 /22 , വെള്ളക്കരം കുടിശ്ശിക അടവാക്കൽ - രണ്ടാം ഘട്ടം ( 139 എണ്ണം പൊതു ടാപ്പുകൾ റദ്ദ് ചെയ്യുന്നതിന് ) | 147700/- | ഇല്ല | 147700/- |
| ആകെ | | 2097700/- | - | 2097700/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം., തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.യു.ആർ. ഡി.എഫ്.സി. | സ.ഉ(സാ.ധാ) 359/2017 തസ്വഭവ, | 6855316 | 15369000 | - | 1613333 | 13755667 |

| | | | | | | |
|---|---|---|---|---|---|---|
| | 08.02.2017 | | | | | |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2014-15<br>2-2, 2-3, 2-4, 2-5 | 2016-17 അനുബന്ധം | വസ്തു നികുതി | തീർപ്പാക്കിയിട്ടില്ല |
| 2014-15<br>2-6-1, 2-6-2 | 2016-17 അനുബന്ധം | തൊഴിൽ നികുതി | തീർപ്പാക്കിയിട്ടില്ല |
| 2015-16<br>2-8, 2-19 | 2016-17 അനുബന്ധം | തൊഴിൽ നികുതി | തീർപ്പാക്കിയിട്ടില്ല |
| 2019-20<br>1-16 | 2020-21 | ഫാർമസി സ്റ്റോർ ശീതീകരണം (പി.എച്ച്.സി)- രേഖകൾ ഹാജരാക്കിയില്ല | തീർപ്പാക്കിയിട്ടില്ല |

4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഈയിനത്തിൽ തുകയൊന്നും വരവില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 90134297 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 79094962 |
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 30,37,231 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-19 | 4,00,000 | ഡോ. ബിജു കെ. വർഗ്ഗീസ്, വെറ്ററിനറി സർജൻ |
| 1-20 | 5768 | ഡോ. ധന്യ രവി, മെഡിക്കൽ ഓഫീസർ ആയുർവേദം |
| 1-21 | 209868 | ഡോ. ജ്യോൽസന ബഷീർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-22 | 300000 | ഡോ. ജയ, മെഡിക്കൽ ഓഫീസർ , ഹോമിയോ |
| 1-23 | 23895 | ശ്രീമതി സജിത എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-33(1) | 1950000 | ശ്രീ. ജയ്ജീവ് എം.എൻ, സെക്രട്ടറി |
| 1-33(2) | 147700 | ശ്രീ. ജയ്ജീവ് എം.എൻ, സെക്രട്ടറി |
| ആകെ | 3037231 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30.09.2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി6/858/22(1) | 3 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി6/1201/22(2) /2018/ 08.01.2018 | 8 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.22) | 4 |

| | | |
|---|---|---|
| | /1801(1)/2022/ 28.07.2022 | |
| 2009-2010 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.22)/1801(3)/2022/28.07.2022 | 5 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി6/1209/2022(3)/30.07.2022 | 1 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.22)/1801(6)/22/20.08.2022 | 6 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.22)/1801(7)/22/20.08.2022 | 3 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.22)/1801(8)/22/20.08.2022 | 6 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി6//18/222(4)/25.06.19 | 16 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.22)/651/22/20.08.2022 | 8 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി6/1294/22/20.08.22 | 10 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി6/1960/19/27.07.2022 | 22 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി6/941/21/04.01.2022 | 11 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി6/943/21/24.01.2022 | 16 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്